പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1681

21.01.2014-ൽ മറുപടിക്ക്

## വിത്തുതേങ്ങ സംഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ. വിജയൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ ഏതെല്ലാം പ്രദേശങ്ങളിൽ നിന്നാണ് വിത്തുതേങ്ങ സംഭരിക്കുന്നത്; വിശദമാക്കുമോ; | എ) തൃശ്ശൂർ ജില്ലയിൽ ചാവക്കാട്, മുല്ലശ്ശേരി, തളിക്കുളം, ഒല്ലൂക്കര, കുഴൂർ, കൊടകര, ചേർപ്പ്, മാള, വെള്ളാങ്ങല്ലൂർ, ഇരിങ്ങാലക്കുട, മതിലകം എന്നീ ബ്ലോക്ക് പ്രദേശങ്ങളിൽ നിന്നും മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പ്രദേശത്തുനിന്നും കോഴിക്കോട് ജില്ലയിൽ കാവിലുംപാറ (കരിങ്ങാട് പ്രദേശം ഒഴികെ), കുറ്റ്യാടി മരുതോങ്കര, ഉള്ളേരി, പനങ്ങാട്, കോട്ടൂർ, ബാലുശ്ശേരി, താമരശ്ശേരി, ഉണ്ണികുളം, കൂരാച്ച്, ചക്കിട്ടപ്പാറ എന്നീ സ്ഥലങ്ങളിൽ നിന്നും കാസർഗോഡ് ജില്ലയിൽ തൈകടപ്പുറം, അഴിത്തല എന്നിവിടങ്ങളിൽ നിന്നുമാണ് വിത്തു തേങ്ങ സംഭരിക്കുന്നത്. കാറ്റുവീഴ്ച രോഗബാധിത പ്രദേശങ്ങളായ എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിലെ രോഗപ്രതിരോധ ശേഷിയുള്ള തെങ്ങുകളിൽ നിന്നും വിത്ത് തേങ്ങ ശേഖരിക്കുന്നുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത തെങ്ങുകളിൽ നിന്നും വിത്തുതേങ്ങ സംഭരിക്കുന്നതിനുള്ള പരിപാടിക്ക് ഈ വർഷം രൂപം നൽകിയിട്ടുണ്ട്. |
| ബി) വിത്തുതേങ്ങ സംഭരിക്കുന്ന പ്രദേശങ്ങളിൽതന്നെ തെങ്ങിൻതൈ ഉല്പാദിപ്പിക്കാനുള്ള ഫാം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | ബി) ഇല്ല. |
| സി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ? | സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ